"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

എ6/4270/13(1)

തൈക്കാട് തിരുവനന്തപുരം-14,
തീയതി:16/02/2013

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം
(നിലവിൽ: കെ.ബിജു, ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - പരീക്ഷാ വിഭാഗത്തിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ താത്കാലികമായി തുടർന്ന ഉദ്യോഗസ്ഥനെ അടിയന്തിരമായി വിടുതൽ ചെയ്ത് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന:- 1. അഡീഷണൽ ഡയറക്ടറുടെ ജി1/28754/11 നമ്പറായ 06/12/11 ലെ ഉത്തരവ്.

2. ശ്രീ. പി.എൻ. രാധാകൃഷ്ണൻ പ്രിൻസിപ്പാൾ ഐ.ടി.ഐ. കളമശ്ശേരിയുടെ 19.12.2012 ലെ ബി1/407/09 നമ്പർ അർദ്ധഔദ്യോഗിക കത്ത്.

---------------

ഈ വകുപ്പിലെ ഐ.ടി.ഐ. കളമശ്ശേരിയിൽ ഇലക്ട്രീഷ്യൻ ട്രേഡിലെ വർക്ക്ഷോപ്പ് അറ്റന്റർ ആയ ശ്രീ. കെ.എസ്. അജി കഴിഞ്ഞ 3 വർഷത്തോളമായി ട്രെയിനിംഗ് ഡയറക്ട്രേറ്റിൽ പരീക്ഷാ വിഭാഗത്തിൽ താത്ക്കാലികമായി സേവനം ചെയ്യുകയായിരുന്നു. ടി ഉദ്യോഗസ്ഥന്റെ സേവനം ഐ.ടി.ഐ. കളമശ്ശേരിയിൽ ലഭിക്കുന്നില്ല എന്ന് കാണിച്ച് പരാമർശം (2) പ്രകാരം പ്രിൻസിപ്പാൾ അറിയിച്ചിരിക്കുകയാണ്.

നിലവിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിർത്തുവാൻ ഗവൺമെന്റ് വ്യവസ്ഥ അനുവദിക്കുന്നില്ല. മാത്രമല്ല ഐ.ടി.ഐ. കളിൽ വർഷോപ്പിൽ സേവനം ചെയ്യുന്നതിനുവേണ്ടി മാത്രമാണ് വർക്ക്ഷോപ്പ് അറ്റന്റർ തസ്തിക. ടി ഉദ്യോഗസ്ഥൻ ട്രെയിനിംഗ് ഡയറക്ട്രേറ്റിൽ ജോലി ചെയ്തിരുന്ന പരീക്ഷാവിഭാഗത്തിലെ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന്നുള്ള ട്രെയിനിംഗ് മറ്റ് ജീവനക്കാർക്ക് (ടി വിഭാഗത്തിലെ) നൽകുവാൻ നടപടിയും എടുത്തിട്ടുള്ളതിനാൽ, ശ്രീ. കെ.എസ്. അജി വർക്ക്ഷോപ്പ് അറ്റന്റർ ഐ.ടി.ഐ. കളമശ്ശേരിയുടെ ട്രെയിനിംഗ് ഡയറക്ട്രേറ്റിലെ സേവനം അവസാനിപ്പിച്ച് ഉത്തരവാകുന്നു. ടി യാൻ

എത്രയും വേഗം പ്രിൻസിപ്പാൾ ഐ.ടി.ഐ. കളമശ്ശേരി മുൻപാകെ സേവനത്തിൽ പ്രവേശിക്കുവാൻ അറിയിക്കുന്നു.

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്:-

അജി കെ.എസ്.
വർക്ക്ഷോപ്പ് അറ്റന്റർ
ഐ.ടി.ഐ. കളമശ്ശേരി.

പകർപ്പ്:-

1. പ്രിൻസിപ്പാൾ, ഐ.ടി.ഐ. കളമശ്ശേരി (ടിയാനെ ജോലിയിൽ പ്രവേശിപ്പിച്ച് അടിയന്തിരമായി വിവരം അിറയിക്കുവാൻ നിർദ്ദേശത്തോടെ)
2. സി.ഐ. ടു എ.ഡി.റ്റി.
3. ഡി.ഡി.(റ്റി)
4. റ്റി.റ്റി.ഒ.
5. എസ്.എസ്.(ജി)
6. വെബ്സൈറ്റ്.

J/16/02/2013